| 17-05-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളെ - അരകൽപം നിങ്ങൾ ഭൗതിക യാത്രകൾ ചെയ്തുവന്നു, ഇപ്പോൾ ആത്മീയ യാത്ര ചെയ്യൂ, വീട്ടിലിരിക്കെ ബാബയുടെ ഓർമ്മയിൽ കഴിയുക, ഇതാണ് അദ്ഭുതകരമായ യാത്ര

**ചോദ്യം:-** ബാബയ്ക്ക് കുട്ടികളുടെ ഏതൊരു കാര്യത്തിൽ വളരെ അദ്ഭുതം തോന്നുന്നു?
**ഉത്തരം:-** ഏതൊരു സമ്പത്തിന് വേണ്ടിയാണോ കുട്ടികൾ അരകൽപം അലഞ്ഞത്, വിളിച്ചുകൊണ്ടിരുന്നത്.... ആ സമ്പത്ത് നൽകുന്ന ബാബ വന്നപ്പോൾ ബാബയുടേതായിട്ടും ഉപേക്ഷിച്ച് പോകുന്നു. അതിനാൽ ബാബയ്ക്ക് അദ്ഭുതം തോന്നുന്നു, കുട്ടികൾ പോകെ-പോകെ ഉന്നതിയ്ക്കു പകരം തീർത്തും താഴേക്ക് വീഴുന്നു, ഇതും എന്തൊരദ്ഭുതമാണ്.

**ചോദ്യം:-** ഏത് കുട്ടികൾക്കാണ് ബാബയിലൂടെ വളരെ നല്ല ദക്ഷിണ ലഭിക്കുന്നത്?
**ഉത്തരം:-** ആരാണോ ബാബ രചിച്ച യജ്ഞത്തെ വളരെ നന്നായി സംരക്ഷിക്കുകയും സദാ ശ്രീമത്തിലൂടെ നടക്കുകയും ചെയ്യുന്നത്, അവർക്ക് ബാബയിൽ നിന്ന് വളരെ നല്ല ദക്ഷിണ ലഭിക്കുന്നു.

**ഗീതം:-** നമ്മുടെ തീർത്ഥ സ്ഥാനം വ്യത്യസ്തമാണ്.........

**ഓം ശാന്തി.** ആത്മീയ യാത്രികർ ഈ ഗീതം കേട്ടുവല്ലോ. നിങ്ങൾ കുട്ടികൾ ആത്മീയ യാത്രികരാണ്. ലോകത്തിൽ യാത്ര പോകുന്നവരുണ്ട് അവരെ ഭൗതിക യാത്രികരെന്നാണ് പറയുക. ആ ഭൗതിക യാത്ര അരകൽപം നടക്കുന്നുണ്ട്. ജന്മ-ജന്മാന്തരം നിങ്ങൾ യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. ആ ഭൗതീക യാത്രകൾ നടത്തി വീണ്ടും തിരിച്ച് വീട്ടിലേക്ക് വരുന്നു. നിങ്ങളുടേത് ആത്മീയ യാത്രയാണ്. ലോകത്തിലുള്ളത് ഭൗതിക വഴികാട്ടികളാണ്. നിങ്ങൾ ആത്മീയ വഴികാട്ടികളാണ്. നിങ്ങൾ വഴികാട്ടികളുടെ നേതാവാരാണ്? നിരാകാരനായ പരംപിതാ പരമാത്മാവ്. പാണ്ഢവ സേനയുടെ ആദി പിതാവെന്നാണ് ബാബയെ പറയുന്നത്. നിങ്ങൾക്കറിയാം നമ്മൾ ദേഹ-അഭിമാനികളായിരുന്നു, ഇപ്പോൾ ബാബ വന്ന് ആത്മാക്കളെ തിരിച്ച് വീട്ടിലേക്ക് കൊണ്ട് പോകുന്നതിന് വേണ്ടി ദേഹീ-അഭിമാനികളാക്കുന്നു. ഇപ്പോൾ നിങ്ങൾ ആത്മീയ യാത്രയിലാണ്, ഇതിൽ കർമ്മേന്ദ്രിയങ്ങളുടെ കാര്യമില്ല. യാത്രയിൽ എപ്പോഴും പവിത്രമായി കഴിയാറുണ്ട് പിന്നീട് തിരിച്ച് വരുമ്പോൾ വീണ്ടും വികാരികളായി മാറുന്നു. ഗൃഹസ്ഥികളാണ് തീർഥയാത്ര പോകുന്നത്. നിവർത്തീ മാർഗ്ഗം വാസ്തവത്തിൽ ഗൃഹസ്ഥ ധർമ്മത്തിൽ നിന്ന് വ്യത്യസ്തമാണ്. യാത്രക്ക് കൊണ്ട് പോകുന്നവർ എപ്പോഴും ബ്രാഹ്മണരായിരിക്കും. ഗീതവുമുണ്ട്-4 ധാമങ്ങളിൽ ചുറ്റിക്കറങ്ങി, എന്നിട്ടും ബാബയിൽ നിന്ന് ദൂരെയായി. ഇപ്പോൾ ബാബ നിങ്ങളെ യാത്രക്ക് കൊണ്ടുപോകുന്നതിനായി പവിത്രമാക്കുന്നു. മുക്തിധാമം, ജീവൻമുക്തി ധാമത്തിലേക്ക് കൊണ്ടുപോകും, പിന്നീട് ഈ പതിത ലോകത്തിലേക്ക് വരേണ്ടതില്ല. അവർ ഭൗതിക യാത്രകൾ നടത്തി തിരിച്ച് വരുന്നു, വന്ന് മോശമായ ജോലി ചെയ്യുന്നു. യാത്രാ സമയം ക്രോധം പോലും നിഷിദ്ധമാണ്. വിശേഷിച്ചും ആ സമയം പതിതമാകുന്നില്ല. നാല് ധാമങ്ങളിലൂടെ യാത്ര നടത്താൻ 3-4 മാസമെങ്കിലുമെടുക്കും. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ പൊയ്ക്കൊണ്ടിരിക്കുകയാണ്. ബാബയുടെ ആജ്ഞയാണ് എത്ര സാധിക്കുമോ എന്റെ ഓർമ്മയിലിരിക്കൂ. ഇതാണ് മുക്തിധാമത്തിലേക്കുള്ള യാത്ര. നിങ്ങൾ അവിടേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. അവിടുത്തെ നിവാസിയാണ്. ബാബ എല്ലാ ദിവസവും പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും നിങ്ങൾ മുന്നേറിക്കൊണ്ടിരിക്കും, വീട്ടിലിരുന്നുകൊണ്ട് നിങ്ങൾ ഈ യാത്ര ചെയ്യുന്നു, അപ്പോൾ അദ്ഭുതമല്ലേ. യോഗാഗ്നിയിലൂടെ എല്ലാ പാപങ്ങളും മുറിയുന്നു. അരകൽപം നിങ്ങൾ ഭൗതിക യാത്രകൾ ചെയ്തിട്ടുണ്ട്. ആദ്യം അവ്യഭിചാരി യാത്രയായിരുന്നു പിന്നീട് വ്യഭിചാരീ യാത്രയായി. പൂജയും ആദ്യം ഒരു നിരാകാരനായ ശിവന്റേതാണ് ചെയ്യുന്നത് പിന്നീട് ബ്രഹ്മാ-വിഷ്ണു-ശങ്കരന്റേതും, പിന്നീട് ലക്ഷ്മീ-നാരായണൻ തുടങ്ങിയവരുടേതും. ഇപ്പോൾ നോക്കൂ പട്ടിയെയും പൂച്ചയെയും കല്ലും മുള്ളും തുടങ്ങി എല്ലാത്തിനെയും പൂജിച്ചുകൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കി തരുന്നു - കുട്ടികളെ ഇതാണ് പാവകളുടെ പൂജ. ശിവബാബയുടെയും ദേവീ ദേവതകളുടെയും കർത്തവ്യത്തെക്കുറിച്ച് അറിവില്ല. പാവകൾക്ക് കർത്തവ്യമുണ്ടിരിക്കില്ല. ശിവബാബയുടെ കർത്തവ്യത്തെ അറിയാത്ത ആ പൂജ കല്ലുപൂജപോലെയായി. എന്നിട്ടും എന്തെങ്കിലുമെല്ലാം മനോകാമനകൾ പൂർത്തീകരിക്കപ്പെടുന്നു. സത്യയുഗത്തിൽ തീർത്ഥ യാത്രകൾ ഉണ്ടായിരിക്കില്ല. അവിടെ ക്ഷേത്രങ്ങൾ എവിടെ നിന്ന് വരാനാണ്. ഇത് ഭ്രഷ്ടാചാരീ ലോകമാണ്. സ്വയം പതിതമാണെന്ന് മനസ്സിലാക്കുന്നുണ്ട് അതുകൊണ്ടാണ് പാവനമാകുന്നതിന് ഗംഗാ സ്നാനം നടത്തുന്നത്. കുഭമേളയുടെ രഹസ്യവും മനസ്സിലാക്കി

തന്നിട്ടുണ്ട്. ഇതാണ് സത്യം-സത്യമായ സംഗമം. പാടിയിട്ടുമുണ്ട് ആത്മാവും പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു, പിന്നീട് സുന്ദരമായ മിലനം നടത്തി.... സത്ഗുരുവിനെ ദല്ലാളിന്റെ രൂപത്തിൽ ലഭിക്കുന്നു. ബാബയ്ക്ക് സ്വന്തമായി ശരീരമില്ല. ഈ ദല്ലാളിലൂടെ നിങ്ങൾ ആത്മാക്കളുമായി വിവാഹ നിശ്ചയം നടത്തിക്കുന്നു അഥവാ കുട്ടികൾക്ക് തന്റെ പരിചയം നൽകുന്നു. കുട്ടികളേ ഞാൻ വന്നിരിക്കുന്നു നിങ്ങളെ ശാന്തിധാമത്തിലേക്കുള്ള യാത്രക്ക് കൊണ്ടുപോകുന്നതിന്, പാവന ലോകത്തിലേക്ക് കൊണ്ട് പോകുന്നതിന്. കുട്ടികൾക്കറിയാം ഭാരതം പാവനമായിരുന്നു. ഒരേഒരു ആദി സനാതന ദേവീ ദേവതാ ധർമ്മമായിരുന്നു. ആര്യ ധർമ്മം ഉണ്ടായിരുന്നില്ല. ആര്യരും അനാര്യരും. അഥവാ ദേവതകളെ ആര്യരെന്ന് പറയുകയാണെങ്കിൽ ആര്യധർമ്മത്തിൽ ആരായിരുന്നു രാജ്യം ഭരിച്ചിരുന്നത്? ആര്യരെന്ന് വിദ്യാസമ്പന്നരെയാണ് പറയുന്നത്. ഈ സമയം എല്ലാവരും അനാര്യരാണ്, അറിവില്ലാത്തവരാണ്. ബാപ്ദാദയെ അറിയുന്നില്ല. ഉയർന്നതിലും ഉയർന്നത് ശിവബാബ പിന്നീട് ബ്രഹ്മാ-വിഷ്ണു-ശങ്കരൻ പിന്നീട് പ്രജാപിതാ ബ്രഹ്മാവ്, ജഗദംബ പ്രജാമാതാവുമാണ്. ഇവരിലൂടെയാണ് ബ്രാഹ്മണരുടെ രചന നടക്കുന്നത്. ഇതാണ് ദത്തെടുക്കപ്പെട്ട കുട്ടികൾ. ആരാണ് ദത്തെടുക്കുന്നത്? പരംപിതാ പരമാത്മാവ്. നമ്മൾ ബാബയുടെ മക്കളാണെന്ന് നിങ്ങൾക്കറിയാം. എന്നാൽ ബാബയെ മറന്ന് അനാഥരായിരിക്കുന്നു. *ഗോഡ് ഫാദരുടെ* കർത്തവ്യത്തെ ആരും അറിയുന്നില്ല. ബാബ വന്ന് വീണ്ടും ഇങ്ങനെയുള്ളവരെ പാവനമാക്കുന്നു. ബാബ തന്നെയാണ് നിങ്ങൾ കുട്ടികൾക്ക് പവിത്രതയുടെ ശിക്ഷണം നൽകുന്നത്. ഇപ്പോൾ എവിടെ പോയാലും, ബാബയെ ഓർമ്മിക്കണം. മായ അടിക്കടിക്ക് മറപ്പിക്കുന്നു. യുദ്ധത്തിന്റെ മൈതാനമല്ലേ നിങ്ങൾ ബാബയുടേതാകുന്നു, മായ പിന്നീട് തന്റേതാക്കുന്നു. പ്രഭുവിന്റേയും മായയുടേയും നാടകമാണ്. ബാബയുടേതായതിന് ശേഷം പിന്നീട് ആശ്ചര്യത്തോടെ കേട്ട്....... ഓടിപ്പോകുന്നു. മായയും വലിയ *ഫയൽമാനാണ്*. ഈ ബുദ്ധിയോഗ ബലത്തിന്റെ യുദ്ധം ബാബയ്ക്കല്ലാതെ മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. സർവ്വശക്തിമാനായ ബാബയോട് ബുദ്ധിയോഗം വെയ്ക്കുന്നതിലൂടെ ശക്തി ലഭിക്കുന്നു. നിങ്ങൾക്കറിയാം ഇപ്പോൾ പവിത്രമായി തിരിച്ച് വീട്ടിലേക്ക് പോകണം. ഇവിടെ പാർട്ടഭിനയിക്കുന്നതിന് വേണ്ടിയാണ് ഈ ശരീരം എടുത്തിരിക്കുന്നത്. നമ്മൾ 84 ജന്മങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. ഇതാണ് അന്തിമത്തിലെ ചെറിയ ശ്രേഷ്ഠ മംഗളകാരീ സംഗമയുഗം. നിങ്ങൾ എല്ലാ ജ്ഞാന ഗംഗകളും ജ്ഞാന സാഗരത്തിൽ നിന്നാണ് ഉത്ഭവിച്ചിരിക്കുന്നുത്.

ബാബ പറയുന്നു ബാബയെ ഓർമ്മിച്ചുകൊണ്ടേയിരിക്കൂ എങ്കിൽ നിങ്ങളുടെ ആയുസ്സ് വർദ്ധിക്കും ഒപ്പം ഭാവി 21 ജന്മത്തേക്ക് നിങ്ങൾ അമരന്മാരുമാകും. അകാല മൃത്യു ഒരിക്കലും സംഭവിക്കില്ല. സമയമാകുമ്പോൾ സ്വയം തന്നെ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു. നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയുടെ ഓർമ്മയിൽ കഴിയണം. ഈ ഓർമ്മയിലൂടെ നിങ്ങൾ സൃഷ്ടിയെ പവിത്രമാക്കുന്നു. ബാബ വന്നിരിക്കുന്നത് തന്നെ പാവനമാക്കുന്നതിനാണ്. തൈ നടീലും അവരുടേതാണ് നടക്കുന്നത് ആരാണോ ദേവതയായിരുന്നത്. ഇപ്പോൾ ശൂദ്രരായിരിക്കുന്നു, മറ്റു പല ധർമ്മങ്ങളിലേക്കും പരിവർത്തനപ്പെട്ടും പോയിരിക്കുന്നു, അവരെല്ലാം തിരിച്ച് വന്നുകൊണ്ടിരിക്കും. എല്ലാവർക്കും അവരവരുടെ *സെക്ഷനുണ്ട്.* ഇവിടെയും എല്ലാവർക്കും അവരവരുടെ രീതികളുണ്ട്. ഇവിടെ ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ തൈ നടീൽ നടന്നുകൊണ്ടിരിക്കുകയാണ്. ആരാണോ മുൻപ് ബ്രാഹ്മണനായിരുന്നത് അവരേ വരൂ. ബ്രാഹ്മണനാകാതെ ദേവതയാകാൻ സാധിക്കില്ല. ബ്രഹ്മാവിന്റേതായില്ലെങ്കിൽ ശിവബാബയിൽ നിന്ന് സമ്പത്തെടുക്കാൻ സാധിക്കില്ല. ആര് ദേവതാ ധർമ്മത്തിലേതാണോ അവർ തീർച്ചയായും ബ്രാഹ്മണ ധർമ്മത്തിലേക്ക് വരും. ഇപ്പോൾ നിങ്ങൾ മുള്ളിൽ നിന്ന് പുഷ്പമായിരിക്കുന്നു. ആർക്കും ദുഃഖം നൽകുന്നില്ല. ഏറ്റവും വലിയ ശത്രു രാവണനാണ്. 5 വികാരങ്ങളാകുന്ന ശത്രു ഗുപ്തമാണ്. അരകൽപം മുതൽ എല്ലാവരെയും യുദ്ധം ചെയ്ത് വീഴ്ത്തി പതിതമാക്കി. ഇപ്പോൾ ബാബ യജ്ഞം രചിച്ചിരിക്കുന്നു. പരിധിയില്ലാത്ത ബാബ രുദ്ര ജ്ഞാന യജ്ഞം രചിച്ചിരിക്കുന്നു - ഇതിൽ എല്ലാം സ്വാഹ ചെയ്യണം. ആത്മാവ് വിരാജിക്കുന്ന അശ്വ സഹിതം. പേര് തന്നെ - രാജസ്വ എന്നാണ് അർത്ഥം രാജപദവി നേടുന്നതിനുള്ള രുദ്ര ജ്ഞാന യജ്ഞം. സ്വർഗ്ഗത്തിന്റെ സ്ഥാപനക്കായുള്ള യജ്ഞം - എത്ര വലിയ യജ്ഞമാണ് രചിച്ചിരിക്കുന്നത്. അറിയാം ഇപ്പോൾ ഈ ലോകം *മാറണം.* മനസ്സിൽ ലഹരിയുണ്ട്. ബാബ യജ്ഞം രചിച്ചിരിക്കുന്നു - ഇതിനെ നല്ല രീതിയിൽ സംരക്ഷിക്കണം. ആര് ശ്രീമതത്തിലൂടെ നടക്കുന്നോ അവർക്ക് വളരെ നല്ല ദക്ഷിണ ലഭിക്കും. യജ്ഞത്തെ നന്നായി സംരക്ഷിക്കുന്നുവെങ്കിൽ നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നു. ഈ സമ്പത്തിന് വേണ്ടി നിങ്ങൾ അരകൽപം അലഞ്ഞിട്ടുണ്ട്, അത് നൽകുന്നതിന് വേണ്ടിയാണ് ബാബ വരുന്നത് ,എന്നിട്ടും ഇങ്ങനെയുള്ള ബാബയെ ഉപേക്ഷിക്കുന്നു, ബാബ അദ്ഭുതം കൊള്ളുന്നു. പ്രിയതമകൾ പാടിയിട്ടുണ്ടായിരുന്നു അങ്ങയിൽ സമർപ്പണമാകും. ഇപ്പോൾ ബാബ വന്നപ്പോൾ എന്റേതായതിന് ശേഷം എന്നെ ഉപേക്ഷിച്ച് പോകുന്നു. അവർ പിന്നീട് ഉയരത്തിലേക്ക് കയറുന്നതിന് പകരം താഴേക്ക് വീഴുന്നു. കയറുകയാണെങ്കിൽ വൈകുണ്ഠ രസം......

വ്യത്യാസമുണ്ടായിരിക്കില്ലേ. പ്രധാനമന്ത്രി മുതലായവർ എവിടെ, ദരിദ്ര കീഴാളന്റെ സ്ഥാനം എവിടെ? അതുകൊണ്ട് ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് ബാബയിൽ നിന്ന് രാജ്യ പദവി നേടണം. ഇതാണ് രുദ്ര ജ്ഞാന യജ്ഞം. ഇതിൽ കൃഷ്ണന്റെ പേരെഴുതി വെച്ചു. ശാസ്ത്രങ്ങൾ തുടങ്ങി എല്ലാ വസ്തുക്കളും ഭക്തി മാർഗ്ഗത്തിന് വേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. ഭഗവാൻ ഒന്നുമാത്രമാണ് അവരെയാണ് പതിത പാവനനെന്ന് പറയുന്നത്. ശാന്തിധാമത്തിലും സുഖധാമത്തിലും ആരും തന്നെ വിളിക്കുന്നില്ല. അതുകൊണ്ട് കുട്ടികൾക്ക് പൂർണ്ണമായ ലഹരി ഉയരണം. ഇതാണ് രുദ്ര ജ്ഞാന യജ്ഞം. ഇതിന് ശേഷം ഒരുയജ്ഞവും രചിക്കുകയില്ല. ആ ഭൗതീക യജ്ഞങ്ങൾ രചിക്കുന്നത് ആപത്തുകൾ അകറ്റുന്നതിനാണ്. ബാബ അരകൽപത്തേക്ക് വേണ്ടി ആപത്തുകളകറ്റുന്നു, എങ്കിൽ ഇതെത്ര വലുതാണ്. എന്നാൽ ഇതൊരു സാധു-സന്യാസിക്കും അറിയില്ല. മുഖ്യമായ ഗീതാ മാതാവ് ഏതൊന്നാണോ ഭഗവാൻ പാടിയത് അതിൽ കൃഷ്ണന്റെ പേരെഴുതി വച്ചു. അതുകൊണ്ട് ഇപ്പോൾ മനുഷ്യരെ ജാഗരൂകരാക്കണം എന്തുകൊണ്ടെന്നാൽ അവരുടെ ബുദ്ധി യോഗം കൃഷ്ണനുമായ് ചേർന്നിരിക്കുന്നു. കൃഷ്ണൻ മൻമനാഭവ, എന്നെ ഓർമ്മിക്കൂ എങ്കിൽ കൂടെകൊണ്ട് പോകാം എന്ന് പറഞ്ഞിട്ടില്ല. ഈ ബാബയിരുന്നാണ് ഇവിടെ യോഗ്യരാക്കുന്നത്. കറുത്തവരിൽ നിന്ന് വെളുപ്പിക്കുന്നു. നിങ്ങൾ കറുത്തവരായി മാറിയിരുന്നു, ബാബ വീണ്ടും സുന്ദരന്മാരാക്കി സ്വർഗ്ഗത്തിന് യോഗ്യരാക്കുന്നു. നടക്കുമ്പോഴും കറങ്ങുമ്പോഴും ബുദ്ധിയിൽ ബാബയെ ഓർമ്മിക്കണം. ഇത്രമതി ഈ അവസ്ഥ സമ്പാദിക്കുകയാണെങ്കിൽ നിങ്ങളുടെ തോണി അത്രയും അക്കരെയത്തും. ആരോഗ്യം, സമ്പത്ത്, സന്തോഷം. ബാബയിൽ നിന്ന് നിങ്ങൾ ഇത്രയും സമ്പത്തെടുക്കുന്നു എങ്കിൽ ഇങ്ങനെയുള്ള ബാബയെ എത്രത്തോളം ഓർമ്മിച്ച് ബാബയുടെ ശിക്ഷണങ്ങളിലൂടെ നടക്കണം. മുള്ളുകളെ പൂക്കളാക്കണം. ഇപ്പോൾ നിങ്ങൾ പൂക്കളായിക്കൊണ്ടിരിക്കുന്നു, ഇത് പൂന്തോട്ടമാണ്. ഈ സമയം മുള്ളുകളുടെ കാടാണ്. അകാസുരൻ, ബകാസുരൻ ഇതെല്ലാം സംഗമത്തിലെ പേരുകളാണ്. എല്ലാവരുടെയും ഉദ്ധാരണം സംഭവിക്കണം. ആര് എത്രത്തോളം പഠിക്കുകയും, പഠിപ്പിക്കുകയും ശ്രീമത്തിലൂടെ നടക്കുകയും ചെയ്തു കൊണ്ടിരിക്കുന്നോ, അവർ ബാബയിൽ നിന്ന് 21 കുലത്തിലേക്ക് സമ്പത്ത് നേടും. നിങ്ങൾ സദാ സുഖിയാകും. ഇപ്പോൾ നിങ്ങളുടെ 100 ശതമാനം ഉയരുന്ന കലയാണ്. പിന്നീട് കലകൾ കുറയുന്നു. ഇപ്പോൾ കലകൾ പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. പാടുന്നുമുണ്ട് എന്നിൽ ഒരു ഗുണവുമില്ല ഞാൻ നിർഗുണ മാലയിലാണ്. ബാബയെ ദയാഹൃദയനെന്നല്ലേ പറയുന്നത്. കൽപ-കൽപം സംഗമത്തിൽ വരുന്നു. ഭാരതം സ്വർഗ്ഗമാകുകയാണെങ്കിൽ എല്ലാവരും സുഖികളാകും. ഇപ്പോൾ കുട്ടികൾക്ക് ശ്രീമത്തിലൂടെ നടക്കണം, ആസുരീയ മതത്തിലൂടെയല്ല. ബാബ പറയുന്നു ഏറ്റവും കൂടുതൽ ഗ്ലാനി ചെയ്യുന്നത് എന്നെയാണ്, ഒന്നുകിൽ പറയുന്നു നാമ രൂപത്തിൽ നിന്ന് വേറിട്ടവനാണ് അല്ലെങ്കിൽ കണ-കണങ്ങളിലുണ്ടെന്ന് പറയുന്നു. ഇതെല്ലാം *ഡ്രാമയിൽ* അടങ്ങിയിട്ടുള്ളതാണ്. നിങ്ങളിപ്പോൾ ത്രികാല ദർശിയായിരിക്കുന്നു ഒപ്പം ബാബയെയും അറിഞ്ഞ് ബാബയിൽ നിന്ന് സമ്പത്തെടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ രക്തച്ചൊരിച്ചിലിന്റെ കളി നടക്കണം. രക്തം ചൊരിയുന്ന എല്ലാ ആപത്തുകളും വരും, എത്ര പേർ മരിക്കും. ഭക്തി മാർഗ്ഗത്തിൽ എത്ര ദേവികളുടെ ചിത്രങ്ങളാണ് ഉണ്ടാക്കുന്നത്. അനാവശ്യ ചിലവ് നടത്തുന്നു. ദേവികളെയുണ്ടാക്കി പൂജിച്ച് പിന്നീട് മുക്കിക്കളയുന്നു. അപ്പോൾ പാവ പൂജയായില്ലേ. കാളിയുടെ എങ്ങനെയുള്ള ചിത്രങ്ങളാണുണ്ടാക്കുന്നത്, അങ്ങനെയുള്ള ഒരാൾ ഒരിക്കലും ഉണ്ടാകില്ല. നിങ്ങൾ ഇവിടെ ഇരിക്കുമ്പോഴും യാത്രയിലാണ്. *ട്രെയിനിലിരിക്കുമ്പോഴും* ആത്മീയ യാത്രയിലാണ്. ബുദ്ധി യാത്രയിൽ മുഴുകിയിരിക്കുന്നു. അഥവാ ബുദ്ധിയോഗം ചേരുന്നില്ലെങ്കിൽ ആ സമയം പാഴാകുന്നു. ബാബ പറയുന്നു സമയം പാഴാക്കരുത്. നിങ്ങളുടെ സമയം വളരെ അമൂല്യമാണ്. *സെക്കന്റ്* പോലും സമ്പാദ്യമില്ലാതെ നഷ്ടമാകരുത്. ബാബ പൂർണ്ണമായ പുരുഷാർത്ഥം ചെയ്യിക്കുന്നു. ബാബ വിശ്വത്തെ സ്വർഗ്ഗമാക്കുന്നതിന് വേണ്ടിയാണ് ഈ യജ്ഞം രചിച്ചിരിക്കുന്നത്. ബാബാ-ബാബായെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണെങ്കിൽ തോണി അക്കരെയെത്തും. നമ്മൾ ബ്രാഹ്മണരാണ്, നമ്മളിൽ വളരെ വലിയ ഉത്തരവാദിത്തമുണ്ട്. ബാബ പറയുന്നു കുട്ടികളേ ആത്മ-അഭിമാനിയാകൂ. മനസ്സാ-വാചാ-കർമ്മണാ ആർക്കും ദുഃഖം നൽകരുത്, വളരെ മധുരതയുള്ളവരാകൂ. ക്രോധത്താൽ വളരെ ഡിസ്സർവ്വീസ് ചെയ്യുന്നുണ്ട്. ആരും സമ്പൂർണ്ണമായി മാറിയിട്ടില്ല. ഭൂതങ്ങൾ വളരെ മോശമാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ഈ സമയം വളരെ ആമൂല്യമാണ് അതുകൊണ്ട് ഒരു *സെക്കന്റ്* പോലും സമ്പാദ്യം കൂടാതെ നഷ്ടമാക്കരുത്. ആത്മ-അഭിമാനിയാകുന്നതിനുള്ള പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം.

2) നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയെ ഓർമ്മിച്ച് തന്റെ അവസ്ഥ വർദ്ധിപ്പിക്കണം. വളരെ മധുരത യുള്ളവരാകണം. ആർക്കും ദുഃഖം നൽകരുത്.

## വരദാനം:-യഥാർത്ഥ വിധിയിലൂടെ വ്യർത്ഥത്തെ സമാപ്തമാക്കി നമ്പർ വൺ നേടുന്ന പരമാത്മാ സിദ്ധിസ്വരൂപരായി ഭവിക്കട്ടെ.

വെളിച്ചത്തിലൂടെ അന്ധകാരം സ്വതവേ സമാപ്തമാകുന്നത് പോലെ സമയം, സങ്കൽപം, ശ്വാസം ഇവ സഫലമാക്കുന്നതിലൂടെ വ്യർത്ഥം സ്വതവേ സമാപ്തമാകുന്നു, എന്തുകൊണ്ടെന്നാൽ സഫലമാക്കുന്ന തിന്റെ അർത്ഥമാണ്, ശ്രേഷ്ഠ കാര്യത്തിൽ ഉപയോഗിക്കുക. അതിനാൽ ശ്രേഷ്ഠകാര്യത്തിൽ ഉപയോഗി ക്കുന്നവർ വ്യർത്ഥത്തിന് മേൽ വിജയം നേടി നമ്പർ വൺ നേടുന്നു. അവർക്ക് വ്യർത്ഥത്തെ നിർത്താ നുള്ള സിദ്ധി പ്രാപ്തമാകുന്നു. ഇത് തന്നെയാണ് പരമാത്മാ സിദ്ധി. ആ കൺകെട്ട് വിദ്യക്കാർ അൽപസ മയത്തെ ചമത്കാരമാണ് കാണിക്കുന്നത്, താങ്കൾ യഥാർത്ഥ വിധിയിലൂടെ പരമാത്മാ സിദ്ധിയെ പ്രാപ്ത മാക്കുന്നു.

## സ്ലോഗൻ:- അപകാരിക്കുമേൽ ഉപകാരം ചെയ്യുന്നവർ തന്നെയാണ് ജ്ഞാനത്തെ പ്രയോ ഗിക്കുന്നവർ.